**"ഭരണഭാഷ - മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - കേരളപ്പിറവിദിന പരേഡിൽ വിതരണം ചെയ്യപ്പെട്ട, ബഹു. മുഖ്യമന്ത്രിയുടെ പോലീസ് മെഡലിൽ തെറ്റായി മുദ്രണം ചെയ്ത് ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട് - അപാകതയുള്ള മെഡലുകൾ നിർമ്മിച്ച് നൽകിയ M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 99/2025/PPAD തീയതി, തിരുവനന്തപുരം, 18/10/2025.

---

പരാമർശം :-

1. സംസ്ഥാന പോലീസ് ആസ്ഥാനത്ത് നിന്നുമുള്ള 09-10-2024 തീയതിയിലെ 32/2024 നമ്പർ ക്വട്ടേഷൻ നോട്ടീസ്.
2. 23-10-2024-ലെ സംസ്ഥാന പോലീസ് ആസ്ഥാനത്ത് നിന്നുള്ള H1/186768/2024/PHQ നമ്പർ വിതരണ ഉത്തരവ്.
3. ശ്രീ. സച്ചിൻ T, മാനേജർ, ശ്രീ ഭഗവതി ഇൻഡസ്ട്രീസ്, തിരുവനന്തപുരം, PHQ DIG Admn. ഓഫീസിൽ വച്ച് 04-11-2024 തീയതിയിൽ നൽകിയ മൊഴി.
4. സംസ്ഥാന പോലീസ് മേധാവിയുടെ 20-12-2024 തീയതിയിലെ H1-186768/2024/PHQ നമ്പർ കത്ത്.
5. ആഭ്യന്തര വകുപ്പിന്റെ 01.04.2025-ലെ SSB4/9/2024-HOME നമ്പർ അനൗദ്യോഗിക കുറിപ്പ്.
6. 21.05.2025-ലെ എ 3/2/2025/പി.പി.എ.ഡി നമ്പർ സർക്കാർ കത്ത്.
7. സംസ്ഥാന പോലീസ് മേധാവിയുടെ 23.06.2025-ലെ H1-186768/2024/PHQ നമ്പർ കത്ത്.
8. 20.08.2025-ന് നടത്തിയ ഹിയറിംഗിൽ M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ് മാനേജിംഗ് പാർട്ണർ സമർപ്പിച്ച വിശദീകരണം.

**ഉത്തരവ്**

കേരളപ്പിറവി ദിനവുമായി ബന്ധപ്പെട്ട് 01-11-2024-ലെ പരേഡിന് ബഹു.മുഖ്യമന്ത്രിയുടെ പോലീസ് മെഡലുകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി

സംസ്ഥാന പോലീസ് ആസ്ഥാനത്ത് നിന്നും പരാമർശം (1) പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും തുടർന്ന് M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്, സാമ്പിളുകളുടെ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ പരിശോധനയ്ക്കുശേഷം 270 മെഡലുകൾ നിർമ്മിക്കുന്നതിന് 89,208/- രൂപയ്ക്ക് ക്വട്ടേഷൻ നൽകുന്നതിന് തീരുമാനിക്കുകയും പരാമർശം (2) പ്രകാരം വിതരണ ഉത്തരവ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് ടി സ്ഥാപനം ലഭ്യമാക്കിയ മെഡലുകളിൽ 246 എണ്ണത്തിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ വന്നിട്ടുള്ളതായി പരാമർശം (4) പ്രകാരമുള്ള സംസ്ഥാന പോലീസ് മേധാവിയുടെ അന്വേഷണ റിപ്പോർട്ടിൽ നിന്നും സർക്കാരിന് ബോധ്യമായിട്ടുണ്ട്.

(i) മെഡലുകളുടെ മുകൾ ഭാഗത്ത് **"കേരളാ മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ"** എന്ന് രേഖപ്പെടുത്തുന്നതിന് പകരം തെറ്റായി **"കേരളാ മുഖ്യമന്ത്ര യുടെ പോലസ് മെഡൽ"** എന്ന് തെറ്റായി രേഖപ്പെടുത്തിയതായും കൂടാതെ മെഡലിന്റെ താഴ്ഭാഗത്ത് "കേരളാ പോലീസ്" എന്നതിന് പകരം **"കേരള പോലിസ്"** എന്നും തെറ്റായി രേഖപ്പെടുത്തി.

(ii) സപ്ലൈ ചെയ്ത മെഡലുകളിൽ മുദ്രണം ചെയ്ത അക്ഷരങ്ങൾ മറയ്ക്കുന്ന വിധം കൊളുത്ത് പിടിപ്പിക്കുകയുണ്ടായി.

(iii) മെഡലുകളിൽ മുദ്രണം ചെയ്ത അക്ഷരങ്ങളുടെ വ്യക്തതക്കുറവ്.

(2) പ്രസ്തുത സ്ഥാപനത്തിന്റെ അശ്രദ്ധ മൂലം ഉണ്ടായ ഈ സംഭവം കേരളാ പോലീസിന്റെ അഭിമാനത്തിനും അന്തസ്സിനും സാരമായ ആഘാതം ഏൽപ്പിച്ചതിനാലും കൃത്യമായ സ്പെസിഫിക്കേഷൻ പാലിക്കാതെയും പരിശോധന കൂടാതെയും അനുചിതമായ മെഡലുകൾ നൽകി പോലീസ് വകുപ്പിനെ അപകീർത്തിപ്പെടുത്തിയതിന് M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ ആഭ്യന്തര വകുപ്പിൽ നിന്ന് പരാമർശം (5) പ്രകാരം ശിപാർശ ലഭിച്ചിരുന്നു. തുടർന്ന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 5.25 അനുശാസിക്കും പ്രകാരം സ്ഥാപനത്തിന് കാരണം കാണിക്കൽ നോട്ടീസ് [പരാമർശം-(6)] നൽകുകയുണ്ടായി. പ്രസ്തുത സ്ഥാപനം നൽകിയ വിശദീകരണത്തിനോടൊപ്പം ടി സ്ഥാപന പ്രതിനിധികൾ നേരിട്ട് വന്ന് വിശദീകരണം നൽകുന്നതിന് അവസരം നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 20-08-2025-ന് M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ് മാനേജിംഗ് പാർട്ണർ, ശ്രീ. രാജേഷ് രാജാമണിയെ നേരിൽ കേൾക്കുകയുണ്ടായി.

(3) നേർക്കാഴ്ച്ചാ വേളയിൽ ടിയാൻ മൊഴി നൽകിയ പ്രകാരം കേരളാ പോലീസ് ആസ്ഥാന കാര്യാലയത്തിലെ 09.10.2024 തീയതിയിലെ ക്വട്ടേഷൻ നോട്ടീസ് മുഖാന്തിരം 270 പോലീസ് മെഡലുകൾ വിതരണം ചെയ്യുന്നതിലേക്കായി താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണിക്കുകയുണ്ടായെന്നും ആയതിനെതുടർന്ന് M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ് 14/10/2024 ലെ കത്ത് പ്രകാരം ടി മെഡലുകൾ വിതരണം ചെയ്യുവാനുള്ള സന്നദ്ധത അറിയിക്കുകയുണ്ടായെന്നും തുടർന്ന് 23/10/2024-ലെ പോലീസ് ആസ്ഥാന കാര്യാലയത്തിൽ നിന്നുള്ള കത്ത് പ്രകാരം 270 മെഡലുകൾ പോലീസ് ചീഫ് സ്റ്റോറിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുകയുണ്ടായെന്നും എന്നാൽ ടി മെഡലുകൾ ഇത്രയും ചുരുങ്ങിയ കാലയളവിൽ വിതരണം ചെയ്യുന്നതിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 200 മെഡലുകൾ 29/10/2024-ലും 70 മെഡലുകൾ 30/10/2024-ലും പോലീസ് ചീഫ് സ്റ്റോർ അധികാരിക്ക് കൈമാറുകയുണ്ടായെന്നും അറിയിച്ചിട്ടുണ്ട്. ടി മെഡലുകൾ തയ്യാറാക്കുന്നതിലേക്കായി ഉത്തരേന്ത്യയിലെ ഒരു സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരുന്നതെന്നും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ചെറുതല്ലാത്ത സാങ്കേതികത്വം അനിവാര്യമായ ഈ ഒരു കർത്തവ്യം നിറവേറ്റേണ്ടി വന്നപ്പോൾ ഉണ്ടായ അവിചാരിതമായ അശ്രദ്ധമൂലമാണ് ഇത്തരത്തിലുള്ള ഒരു തെറ്റ് സംഭവിച്ചതെന്നും നേർക്കാഴ്ച്ചാ വേളയിൽ അറിയിക്കുകയുണ്ടായി. സാധാരണയായി ഇത്രയും സൂക്ഷ്മതയും കൃത്യതയും അനിവാര്യമായ ഒരു പ്രവർത്തിക്ക് അനുവദിച്ച സമയം തീർത്തും അപര്യാപ്തമായതിനാലാണ് ഇങ്ങനെയുള്ള അബദ്ധം കടന്നുകൂടാനുള്ള സാഹചര്യമുണ്ടായതെന്നും അറിയിക്കുകയുണ്ടായി.

(4) എന്നാൽ M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ് എന്ന സ്ഥാപനം പിഴവ് സംഭവിച്ചതായി ഹിയറിംഗ് സമയത്ത് സമ്മതിച്ചിട്ടുണ്ടെങ്കിലും ബഹു.മുഖ്യമന്ത്രിയുടെ പോലീസ് മെഡലുകൾ വിതരണം ചെയ്യപ്പെടുന്ന അത്യന്തം പ്രാധാന്യമർഹിക്കുന്ന സർക്കാർ ചടങ്ങിന്/അവാർഡിന് അർഹിക്കുന്ന പ്രാധാന്യം നൽകാതെ തീർത്തും ലാഘവത്തോടെ കണ്ട് അപാകതയുള്ള മെഡലുകൾ വിതരണം ചെയ്ത M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുമുള്ള വീഴ്ച്ച, സർക്കാർ ഗൗരവമായി വീക്ഷിക്കുന്നു. പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള ഇത്തരം ഉദാസീനമായ നടപടി കേരളാ പോലീസിന്റെയും, സർക്കാരിന്റെയും അഭിമാനത്തിന് ക്ഷതം ഏൽപ്പിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിരിക്കുന്നു. സർക്കാരിന് വിതരണം ചെയ്യുന്ന വേളയിൽ കാണിക്കേണ്ട ഗൗരവം, സൂക്ഷ്മത, കാര്യക്ഷമത, ഉത്തരവാദിത്തം, എന്നിവ ഉറപ്പാക്കുന്നതിലും യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ച് കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം മെഡലുകൾ നിർമ്മിച്ചു നൽകുന്നതിലും M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് വീഴ്ച്ച സംഭവിച്ചതായി സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ

വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 5.25 പ്രകാരം ഒരു വർഷത്തേയ്ക്ക് കരിമ്പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ടും, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് പ്രസ്തുത സ്ഥാപനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ വ്യാപാര വ്യവഹാരങ്ങളിൽ പങ്കെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ് :-

M/s. ശ്രീ ഭഗവതി ഇൻഡസ്ട്രീസ്, 26/675, വാൻറോസ് ജംഗ്ഷൻ,
തിരുവനന്തപുരം-695 001.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പ തലവന്മാർ / ഓഫീസുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ / തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / സ്വയം ഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.

ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമപഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

ആഭ്യന്തര വകുപ്പ് (SSB4/9/2024-HOME).

സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, സ്റ്റാച്യു, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വിവര പൊതുജന സമ്പർക്ക വകുപ്പ്) തിരുവനന്തപുരം (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ചേർക്കുന്നതിന്).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ